# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 29

***നമ്മുടെ ചെങ്ങന്നൂർ–മാവേലിക്കര ഭദ്രാസനത്തിലെ പള്ളികളിലെ വികാരിമാരെയും സഭാപ്രതിനിധി മണ്ഡലാംഗങ്ങളെയും അറിയിക്കുന്നത്***

കർത്താവിൽ പ്രിയരെ,

സർക്കുലർ നമ്പർ 24 മുഖേന, 2020–'23 കാലഘട്ടത്തിലേക്കുള്ള സഭാ ഔദ്യോഗിക ഭാരവാഹികളുടെയും സഭാ കൗൺസിൽ അംഗങ്ങളുടെയും വൈദിക തെരഞ്ഞെടുപ്പു കമ്മറ്റിയുടെയും തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള വിജ്ഞാപനം ചെയ്തിരുന്നുവല്ലോ. അതനുസരിച്ച് കേരളത്തിനുള്ളിലുള്ള എട്ടു ഭദ്രാസനങ്ങളിൽ 2021 സെപ്റ്റംബർ 10–ാം തീയതി വെള്ളിയാഴ്ച തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് ക്രമീകരണങ്ങൾ പൂർത്തീകരിച്ചുവരികയാണല്ലോ.

എന്നാൽ ചെങ്ങന്നൂർ–മാവേലിക്കര ഭദ്രാസനത്തിലെ പോളിംഗ് കേന്ദ്രമായ തിട്ടമേൽ ട്രിനിറ്റി മാർത്തോമ്മാ ഇടവകയുടെ പാരിഷ് ഹാൾ ഉൾപ്പെടുന്ന ചെങ്ങന്നൂർ നഗരസഭയുടെ 21–ാം വാർഡ് കോവിഡ് വ്യാപനം മൂലം കണ്ടെയ്ൻമെന്റ് സോണായി ജില്ലാ കളക്ടർ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ അവിടെ നിന്നും പോളിംഗ് കേന്ദ്രം ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിലേക്കു മാറ്റണമെന്ന് ആ ഭദ്രാസനത്തിലെ തെരഞ്ഞെടുപ്പു ചുമതലയുള്ള വരണാധികാരി വെരി റവ. ഡോ. ജയൻ തോമസ് രേഖാമൂലം ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ആ ഭദ്രാസനത്തിൽ വച്ച് 2021 സെപ്റ്റംബർ 10–ാം തീയതി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന സഭാ ഔദ്യോഗിക ഭാരവാഹികളുടെയും സഭാ കൗൺസിൽ അംഗങ്ങളുടെയും വൈദിക തെരഞ്ഞെടുപ്പു കമ്മറ്റിയുടെയും തെരഞ്ഞെടുപ്പുകൾ **ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൽ** ക്രമീകരിക്കുന്ന പോളിംഗ് കേന്ദ്രത്തിൽ വച്ച് അന്നേ ദിവസം തന്നെ നടത്തുന്നതിന് ഇതിനാൽ അനുവദിച്ചിരിക്കുന്നു. സമയവും മറ്റു ക്രമീകരണങ്ങളും മുൻപ് നിശ്ചയിച്ച് അറിയിച്ചിരുന്നതുപോലെ തന്നെ ആയിരിക്കുന്നതാണ്. എല്ലാവരും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

പ്രിയരെ, നമ്മുടെ സഭയുടെ ഈ തെരഞ്ഞെടുപ്പുകൾ കർത്തൃനാമമഹത്വത്തിനും ദൈവരാജ്യകെട്ടുപണിക്കും മുഖാന്തിരമായിത്തീരുന്നതിനും ഈ പ്രത്യേക കാലഘട്ടത്തിൽ തെരഞ്ഞെടുപ്പുകൾ നിർവിഘ്നം പൂർത്തീകരിക്കുന്നതിനും സർവ്വശക്തനായ ദൈവം നമ്മെ ശക്തീകരിക്കട്ടെ. എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം ഉണ്ടാകണമെന്ന് താത്പര്യപ്പെടുന്നു.

കർത്താവേശുമ്ശിഹായുടെ കൃപ ഏല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ

എന്ന് ക്രിസ്താബ്ദം 2021 സെപ്റ്റംബർ 7 –ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**